"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് – കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് – 2026-27 സാമ്പത്തിക വർഷം – പ്ലാൻ ഇതര ശമ്പള ഇനത്തിൽ മൂന്നാം ഗഡു അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/ENVT തീയതി, തിരുവനന്തപുരം, 06-08-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.25/2026/പരി. തീയതി 10.04.2026

2. സ.ഉ.(സാധാ) നം.39/2026/പരി. തീയതി 30.05.2026

3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.07.2026 ലെ KSBB/264/2025-TA(WS) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്ലാൻ ഇതര ശമ്പള ഇനത്തിൽ **"2406-02-188-99-31-NP"** എന്ന ശീർഷകത്തിന് കീഴിൽ ബജറ്റിൽ ₹1,37,50,000/- വകയിരുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിൽ നിന്ന് ആദ്യ രണ്ട് ഗഡുക്കളായി ആകെ ₹55,00,000/- രൂപ പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം അനുവദിക്കുകയുണ്ടായി.

2. 16.07.2026 മുതൽ 30.09.2026 വരെയുള്ള കാലയളവിലെ ജീവനക്കാരുടെയും പാർട്ട് ടൈം സ്വീപ്പറുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെയും ചെയർപേഴ്സന്റെ ശമ്പള കുടിശ്ശികയുൾപ്പെടെയുള്ള ശമ്പള ആവശ്യങ്ങൾക്കായി മൂന്നാം ഗഡുവായി ₹45,06,092/- അനുവദിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം ചുവടെ ചേർ ത്തിട്ടുള്ള ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി, 2026–27 സാമ്പത്തിക വർഷത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് 2406-02-188-99-31NP സാലറി ശിർഷകത്തിൽ നിന്നും മൂന്നാം ഗഡുവായി 27.88 ലക്ഷം രൂപ (ഇരുപത്തി ഏഴ് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപാ മാത്രം) അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു:

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29/08/2009ലെ സർക്കുലർ നം. 75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ

നം.84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ)നം.4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിയ്ക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കാണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള
3. ധനകാര്യവകുപ്പ് (No.346946/PU-C2/65/2026-FIN)
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/211/2026-ENVT)

ഉത്തരവിൻ പ്രകാരം

Digitally signed by
Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 06-08-2026
12:20:19